# ഗവ. ഫിഷറീസ് യു. പി. സ്കൂൾ

## കോരപ്പുഴ




# സമഗ്രം

## അക്കാദമിക് മാസ്റ്റർ പ്ലാൻ

## 2025 – 26

ഉപജില്ല: കൊയിലാണ്ടി

വിദ്യാഭ്യാസ ജില്ല: വടകര

ജില്ല: കോഴിക്കോട്

## ഉള്ളടക്കം

ആമുഖം

ചരിത്രം

കാഴ്ചപ്പാട്

പൊതു ലക്ഷ്യങ്ങൾ

പ്രവർത്തനങ്ങൾ

നിജസ്ഥിതി വിശകലനം

വിഷയാധിഷ്ഠിതം - എൽ.പി.വിഭാഗം

മലയാളം

ഗണിതം

പരിസര പഠനം

ഇംഗ്ലീഷ്

അറബി

വിഷയാധിഷ്ഠിതം - യു.പി.വിഭാഗം

മലയാളം

ഗണിതം

അടിസ്ഥാന ശാസ്ത്രം

സാമൂഹ്യശാസ്ത്രം

ഇംഗ്ലീഷ്

ഹിന്ദി

ആരോഗ്യം - കായികം

മറ്റു പ്രവർത്തനങ്ങൾ

വാർഷിക കലണ്ടർ

# ആമുഖം

പൊതുവിദ്യാഭ്യാസ മേഖല വിവിധങ്ങളായ പ്രവർത്തനങ്ങളുമായി ശക്തിയാർജ്ജിച്ചു കൊണ്ടിരിക്കുകയാണ്. ഓരോ വിദ്യാലയവും എങ്ങനെ മികവിന്റെ കേന്ദ്രമാക്കാം എന്ന അന്വേഷണത്തോടൊപ്പം പൊതുസമൂഹത്തിന്റെ എല്ലാവിധ പിന്തുണയും സമാർജ്ജിച്ചു കൊണ്ടാണ് ഈ പ്രവർത്തനങ്ങൾ മുന്നോട്ടു പോവുന്നത്. ഇതിൽ ഭാഗഭാക്കാവുകയാണ് കോഴിക്കോട് ജില്ലയിലെ ചേമഞ്ചേരി പഞ്ചായത്ത് 11-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന കോരപ്പുഴ ഗവ.ഫിഷറീസ് യു.പി. സ്കൂളും

പ്രധാനമായും തീരദേശമത്സ്യത്തൊഴിലാളികളുടെ മക്കൾ പഠിക്കുന്ന ഈ വിദ്യാലയം ഇപ്പോൾ അതിന്റെ ശതാബ്ദി പിന്നിട്ടിരിക്കുകയാണ്. ജീവിതത്തിന്റെ നാനാ തുറകളിൽ മികവു പുലർത്തുന്ന വ്യക്തിത്വങ്ങളെ രൂപപ്പെടുത്തിയ ഈ വിദ്യാലയത്തിൽ ഇന്ന് നൂറ്റി പതിനൊന്ന് വിദ്യാർത്ഥികളാണുള്ളത്.

പ്രധാനാധ്യാപകൻ ഉൾപ്പെടെ പ്രീ പ്രൈമറി മുതൽ 7 വരെ ക്ലാസ്സുകളിൽ 7 റഗുലർ അധ്യാപകരും ഹിന്ദി, അറബി എന്നിവക്ക് ഓരോ പാർടൈം അധ്യാപകരും ഒരു ഓഫീസ് അറ്റൻന്റും അടക്കം 10 ജീവനക്കാരാണിവിടെ ഉള്ളത്. സർക്കാർ അംഗീകൃത പ്രീ പ്രൈമറി ക്ലാസ്സിൽ ഒരധ്യാപികയും ആയയും കൂടാതെ ഒരു പാചകത്തൊഴിലാളിയും ഇവിടെ ജോലി ചെയ്യുന്നു. കലാകായിക വിഭാഗങ്ങളിൽ സ്ഥിരം അധ്യാപകരില്ലെങ്കിലും സബ്ജില്ലാ കലാമേളയിൽ പല ഇനങ്ങളിലും വിദ്യാർത്ഥികൾക്ക് എ ഗ്രേഡ് നേടാൻ കഴിഞ്ഞിട്ടുണ്ട്. ശാസ്ത്ര സാമൂഹ്യശാസ്ത്ര പ്രവൃത്തിപരിചയമേളയിൽ മികച്ച വിജയം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. വാങ്മയം ഭാഷാപ്രതിഭയായി ആയിഷ റുഷ്ദ.കെ.ടി സംസ്ഥാനതലത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു. കഴിഞ്ഞ വർഷം ഒരു വിദ്യാർത്ഥിക്ക് യു.എസ്.എസ് നേടാൻ കഴിഞ്ഞു. പരിമിതികൾക്കിടയിലും ഇത്തരം നേട്ടങ്ങൾ ആഹ്ലാദം പകരുന്നു. പി.ടി.എ, എസ്.എസ്.ജി, എസ്.എം.സി ഇവയുടെ മികച്ച പിന്തുണ വിദ്യാലയത്തിനു ലഭിക്കുന്നുണ്ട്. പൂർവ വിദ്യാർത്ഥി സംഘടന സജീവമായി വരുന്നു. ബ്ലോക്ക് പഞ്ചായത്തിൽ നിന്നും 2023-24 അധ്യയന വർഷം ബയോഗ്യാസ് പ്ലാന്റും 2024-25 അധ്യയന വർഷത്തിൽ നിന്നും ഇൻസിനറേറ്ററും ലഭിച്ചിട്ടുണ്ട്.

നിലവിലെ സ്ഥിതിയിൽ നിന്നും പാഠ്യപാഠ്യേതര രംഗത്ത് കൂടുതൽ സ്ഥിരതയും ഉയർച്ചയും വിദ്യാലയം കൈവരിക്കണമെന്നും അതുവഴി സാമൂഹ്യനന്മക്കായി പുതുതലമുറയെ സജ്ജരാക്കണമെന്നും ഞങ്ങൾ ആഗ്രഹിക്കുന്നു.

## ചരിത്രം

കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി താലൂക്കിലെ ചേമഞ്ചേരി പഞ്ചായത്തിലെ 11-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന വിദ്യാലയമാണ് കോരപ്പുഴ ഗവ. ഫിഷറീസ് യു.പി.സ്കൂൾ. ഏതാണ്ട് 1919 മാണ്ടിൽ അഞ്ചാംതരം വരെയുള്ള ലോവർ പ്രൈമറി വിദ്യാലയമായാണ് സ്കൂൾ പ്രവർത്തന മാരംഭിച്ചത്. കിഴക്കെ തണ്ടാചേരി പറമ്പിൽ തെക്കെ ചെട്ട്യാങ്കണ്ടി രാമൻ എന്ന ആൾ വാടകക്ക് കൊടുത്ത സ്ഥലത്താണ് ആദ്യസ്ഥാപനം നിലനിന്നിരുന്നത്. 1939-41 വരെയുള്ള കാലയളവിൽ കോരപ്പുഴ പാലം വന്നതോടെ സ്കൂളിൽ വിദ്യാർത്ഥികളുടെ എണ്ണം ഗണ്യമായി വർധിച്ചു. ശ്രീ. അപ്പു മാസ്റ്റർ ഹെഡ്മാസ്റ്ററായിരുന്ന കാലത്ത് യു.പി.സ്കൂളായി അപ്ഗ്രേഡ് ചെയ്തു.

## കാഴ്ചപ്പാട്

പൊതു വിദ്യാലയങ്ങൾ സമൂഹത്തിന്റെ പൊതുസ്വത്താവണം. വളരുന്ന തലമുറക്ക് വിജ്ഞാനത്തിനൊപ്പം മാനവിക മൂല്യങ്ങളും മതനിരപേക്ഷതാ ബോധവും പകർന്നു നൽകാൻ കഴിയുന്നവയാകണം പൊതുവിദ്യാലയങ്ങൾ. ചുറ്റുമുള്ള സമൂഹത്തിന്റെ ചാലകശക്തിയാകാൻ പൊതുവിദ്യാലയങ്ങൾക്കു കഴിയണം.

ഒരിക്കലും അടുത്തുള്ള മറ്റൊരു പൊതുവിദ്യാലയത്തെ ഇല്ലാതാക്കി കൊണ്ടാവരുത് ഒരു പൊതുവിദ്യാലയം വളരേണ്ടത്. ഓരോ വിദ്യാലയത്തിനും വിദ്യാർഥികളെ ചേർക്കാവുന്ന ഒരു ഭൂവിസ്തൃതി നിശ്ചയിക്കേണ്ടതുണ്ട്. പി.ടി.എ, എസ്.എസ്.ജി, എസ്.എം.സി, വിദ്യാലയവികസന സമിതി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, എം.എൽ.എ, എം.പി തുടങ്ങി വിദ്യാലയത്തോട് പ്രതിബദ്ധതയുള്ള ഔദ്യോഗിക ഏജൻസികൾക്കു പുറമെ വിദ്യാലയവികസനത്തിനു സഹായിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ, സ്വകാര്യ വ്യക്തികൾ എന്നിവരെ കൂടി ഉൾപ്പെടുത്തി വിദ്യാലയത്തിന്റെ സുസ്ഥിരവികസനം സാധ്യമാക്കേണ്ടതുണ്ട്. സ്കൂളിൽ വരുന്ന മുഴുവൻ വിദ്യാർത്ഥികളേയും വിദ്യാഭ്യാസത്തിന്റെ സമഗ്ര മേഖലകളിലും അവരവരുടെ കഴിവിന്റെ പരമാവധി സ്വായത്തമാക്കാൻ സാധ്യമാക്കുന്ന വിധത്തിൽ വിദ്യാലയം പൂർണ്ണ സജ്ജമായിരിക്കണം.

## പൊതുലക്ഷ്യങ്ങൾ

1. പ്രദേശത്തെ മുഴുവൻ വിദ്യാർത്ഥികളെയും ഈ വിദ്യാലയത്തിലെത്തിക്കുക.
2. ഇംഗ്ലീഷ് ഭാഷാ പ്രാവീണ്യം വർദ്ധിപ്പിച്ച് ഭാഷ അനായാസേന കൈകാര്യം ചെയ്യാൻ കുട്ടികളെ പ്രാപ്തരാക്കുക.
3. നിലവിലുള്ള വിദ്യാഭ്യാസ പദ്ധതിയുടെ സാധ്യതകൾക്കുള്ളിൽ നിന്നുകൊണ്ട് സ്കൂളിലെത്തുന്ന മുഴുവൻ വിദ്യാർത്ഥികളെയും വിദ്യാഭ്യാസത്തിന്റെ സമസ്ത മേഖലകളിലും - ഭാഷ, ഗണിതം, ശാസ്ത്രം, കല, കായികം- അവരുടെ കഴിവിന്റെ പരമാവധി വികാസത്തിലെത്താൻ പ്രാപ്തരാക്കുക.
4. ICT സ്വയം കൈകാര്യം ചെയ്യാൻ കുട്ടികളെ പ്രാപ്തരാക്കുക.
5. സഹജീവി സ്നേഹവും പരിസ്ഥിതി അവബോധവുമുള്ള, മാനവിക മൂല്യങ്ങൾക്ക് വിലകൽപ്പിക്കുന്ന ഒരു സമൂഹമായി വളരാൻ അവരെ പ്രാപ്തരാക്കുക.
6. കുട്ടികളുടെ സർഗ്ഗാത്മക ശേഷികൾ പരിപോഷിപ്പിക്കുക.
7. വിദ്യാലയം ചുറ്റുപാടുമുള്ള പൊതുസമൂഹത്തിന്റെ ഒരു വിജ്ഞാന സ്രോതസ്സാക്കി മാറ്റുക.
8. 'വരൂ നമുക്ക് വായിക്കാം' വായനാമാസാചരണാഘോഷം നടത്തി കുട്ടികളിൽ വായനാശീലം പ്രോത്സാഹിപ്പിക്കുക.
9. സമഗ്ര ഗുണമേന്മ പദ്ധതിയിലൂന്നി കൊണ്ട്, ഓരോ കുട്ടിയും ഓരോ യൂണിറ്റ് ആണെന്ന് തിരിച്ചറിവോടെ കുട്ടികളുടെ വ്യക്തിവികാസത്തിനും സാമൂഹിക വികാസത്തിന് വഴിതെളിക്കുക.

## പ്രവർത്തനങ്ങൾ

## Enrolment വർദ്ധിപ്പിക്കൽ

### പ്രവർത്തനങ്ങൾ

1. പൊതുജനങ്ങൾക്ക് വിദ്യാലയവുമായി ഇടപഴകാൻ കൂടുതൽ അവസരങ്ങളുണ്ടാക്കുക. ഇതിനായി സ്വാതന്ത്ര്യദിനം, ഓണാഘോഷം, ഇഫ്താർ വിരുന്ന്, സ്കൂൾ വാർഷികം തുടങ്ങിയവ കൂടുതൽ ജനകീയമാക്കുക.
2. പി.ടി.എ, വിദ്യാലയവികസനസമിതി എന്നിവയുടെ നേതൃത്വത്തിൽ ഗൃഹസന്ദർശനം നടത്തുക. (ഫെബ്രുവരി, മാർച്ച് മാസങ്ങൾ)
3. കോർണർ പി.ടി.എ കൾ സംഘടിപ്പിക്കുക. അടുത്തുള്ള എൽ.പി. സ്കൂളുകളിലെ വിദ്യാർത്ഥികളുടെ ഗൃഹസന്ദർശനം. അവരെകൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള പ്രവർത്തനങ്ങൾ.
4. ആഴ്ചതോറും സർഗവേളകൾ നടത്തുക.
5. Oneday One Word.
6. ഇംഗ്ലീഷ് അസംബ്ലി നടത്തൽ
7. ഇംഗ്ലീഷ് ന്യൂസ് റീഡിംഗ്, സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്, ഈസി ഇംഗ്ലീഷ്.
8. ഇംഗ്ലീഷ് പത്രം ലഭ്യമാക്കൽ
9. സമഗ്ര ഗുണമേന്മാ പദ്ധതി - 'തിരിവെട്ടം' .
10. 'വരൂ നമുക്ക് വായിക്കാം' കുട്ടികളിൽ വായന പ്രോത്സാഹിപ്പിക്കുക, വായനാക്കുറിപ്പ് എഴുതുക, ' ഞങ്ങൾ വായിച്ച പുസ്തകങ്ങൾ' കയ്യെഴുത്ത് മാസിക പ്രസിദ്ധീകരിക്കുക.

# നിജസ്ഥിതി വിശകലനം

## പ്രീ– പ്രൈമറി

2003 കാലയളവിൽ മുപ്പതിലധികം കുട്ടികളുമായി തുടങ്ങിയ ഒരു നഴ്സറി ക്ലാസ്സ് ആണ് ഇപ്പോഴത്തെ പ്രീ- പ്രൈമറി വിഭാഗമായി നിലനിൽക്കുന്നത്. ബോധന മാധ്യമം മലയാളമാണ്. രണ്ടു ജീവനക്കാരാണുള്ളത്. ഒരു ടീച്ചറും ഒരു ആയയും. ഇവർക്ക് സർക്കാറിൽ നിന്ന് ഓണറേറിയം ലഭിച്ചു വരുന്നു.








| നിലവിലുള്ള കുട്ടികൾ | | |
|---|---|---|
| ആൺ | പെൺ | ആകെ |
| 5 | 9 | 14 |

2025-2026 അധ്യയന വർഷത്തിൽ പ്രീ-പ്രൈമറിയിൽ നിലവിൽ 13 കുട്ടികളുണ്ട്. രണ്ട് ക്ലാസ് മുറികളുണ്ട്. കുട്ടികൾക്കിരിക്കാനും ഭക്ഷണം കഴിക്കാനും ആവശ്യമായ ഇരിപ്പിടങ്ങളും കളിക്കാനും പഠന പ്രവർത്തനങ്ങൾ നടത്താൻ ആവശ്യമായ എല്ലാ സൗകര്യങ്ങളും ഉണ്ട്. കഴിഞ്ഞ വർഷത്തെ വർണ്ണകൂടാരം പദ്ധതിയുടെ ഭാഗമായി ലഭിച്ച 10 ലക്ഷം രൂപ കൊണ്ട് ഭാഷായിടം ഗണിതയിടം, അഭിനയ ഇടം തുടങ്ങിയ 13 ഇടങ്ങളും ആ ഇടങ്ങളിലേക്ക് ആവശ്യമായ സാധനസാമഗ്രികളും കൂടാതെ ഒരു കൊച്ചു പാർക്കും ഉണ്ട്. പാർക്കിൽ കുട്ടികൾക്ക് കളിക്കാനാവശ്യമായ സ്ലൈഡർ,, ഊഞ്ഞാൽ, സീസോ തുടങ്ങിയ ഉപകരണങ്ങളും ഒരു കൊച്ചു കുളവും, പാലവും, മലയും ഒക്കെയുണ്ട്. ചുമരുകൾ പഠന പ്രവർത്തനങ്ങൾക്കനുയോജ്യമായ തരത്തിൽ തീം അടിസ്ഥാനത്തിലുള്ള ചിത്രങ്ങളാൽ സമ്പന്നമാണ് എല്ലാതരത്തിലും ഒരു പ്രീ-പ്രൈമറി പ്രായക്കാരന് അവന്റെ 5 വികാസ മേഖലകളിലുള്ള വളർച്ചയ്ക്കും, മാനസികോല്ലാസത്തിനും പറ്റിയ തരത്തിലുള്ള ഒരു അന്തരീക്ഷമാണ് കോരപ്പുഴ സ്കൂളിലെ പ്രീ-പ്രൈമറി ക്ലാസ്സിനുള്ളത്. SSC യിൽ നിന്ന് ടി.വി, സ്പീക്കർ, മൈക്ക് സെറ്റ് എന്നിവ ലഭിച്ചു.


## ക്ലാസ്സ് റൂം സൗകര്യങ്ങൾ

ഒന്നു മുതൽ ഏഴുവരെ ക്ലാസ്സുകൾ പ്രവർത്തിക്കുന്ന സ്കൂളിൽ അടച്ചുറപ്പുള്ള 10 മുറികളാണുള്ളത്. ഇതിൽ ഒന്ന് ഓഫീസായി പ്രവർത്തിക്കുന്നു. മറ്റ് മൂന്ന് മുറികളിൽ യു.പി.വിഭാഗം പ്രവർത്തിക്കുന്നു. മുറികൾടൈൽസ് പാകിയവയാണ്. ഇവയിൽ സാധനങ്ങൾ സൂക്ഷിക്കാൻ ചുമരലമാരകളുണ്ട്. 1 മുതൽ 4 വരെ ക്ലാസ്സുകൾ നഴ്സറി ക്ലാസ്സിനൊപ്പം സ്ക്രീൻ ഉപയോഗിച്ച് വിഭജിച്ച സ്കൂൾ ഹാളിലാണ് പ്രവർത്തിക്കുന്നത്. എല്ലാ മുറികളും വൈദ്യുതീകരിച്ചവയാണ്. ഓരോ ക്ലാസ്സും ഓരോ ഡിവിഷൻ മാത്രമേയുള്ളൂ. ആകെ കുട്ടികൾ 92.


| ക്ലാസ്സ് | ആൺ | പെൺ | ആകെ |
|---|---|---|---|
| 1 | 6 | 6 | 12 |
| 2 | 4 | 4 | 8 |
| 3 | 6 | 7 | 13 |
| 4 | 6 | 6 | 12 |
| 5 | 12 | 7 | 19 |
| 6 | 6 | 6 | 12 |
| 7 | 8 | 8 | 16 |
| ആകെ | 48 | 44 | 92 |

## **ലൈബ്രറി**

2000 പുസ്തകങ്ങളാണ് ലൈബ്രറിയിലുള്ളത്. മുഴുവൻ കുട്ടികൾക്കും പുസ്തകം വിതരണം ചെയ്യുന്നുണ്ട്. അമ്മവായന പ്രോത്സാഹിപ്പിക്കുന്നു. സ്റ്റാഫ് റൂം ലൈബ്രറി ഒരുക്കിയിരിക്കുന്നു. ക്ലാസ് ലൈബ്രറി മികച്ച രീതിയിൽ പ്രവർത്തിക്കുന്നു. പുസ്തകങ്ങൾ അടുക്കിവെക്കാൻ അലമാരകളുണ്ടെങ്കിലും പ്രത്യേകം വായനമുറി ഇല്ല.





## **ലാബോറട്ടറി**

ഒരു മുറിക്ക് പാർട്ടീഷൻ കൊടുത്ത് ഒരു ഭാഗം ലാബും മറുഭാഗം വായനാമുറിയുമായി ഉപയോഗിക്കുന്നു. അത്യാവശ്യം ഉപകരണങ്ങളും രാസവസ്തുക്കളും ഉണ്ടെങ്കിലും സ്ഥലസൗകര്യം തീരെയില്ല.




## കമ്പ്യൂട്ടർ ലാബ്

പ്രവർത്തനക്ഷമമായ 3 ലാപ്‌ടോപ്പുകളും ഒരു ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറും രണ്ട് പ്രൊജക്ടറുകളും ഒരു സ്ക്രീനും ആണ് കമ്പ്യൂട്ടർ ലാബിലുള്ളത്.

## കായിക രംഗം

ആവശ്യമായ കളിസ്ഥലമോ കായികോപകരണങ്ങളോ ഇല്ലാതെ അപര്യാപ്തമായ രീതിയിലാണ് കായികരംഗം പ്രവർത്തിക്കുന്നത്. സ്പോർട്സ് നടത്തുന്നു, സബ്ജില്ല മത്സരത്തിൽ പങ്കെടുക്കുന്നു.

## ഗണിത, സാമൂഹ്യ ശാസ്ത്ര ലാബുകൾ

ഗണിതത്തിനും സാമൂഹ്യശാസ്ത്രത്തിനും പഠനോപകരണങ്ങൾ നിലവിലുണ്ടെങ്കിലും സൂക്ഷിക്കാൻ പ്രത്യേക മുറികളില്ല. തല്ക്കാലം അലമാരകളിൽ സൂക്ഷിക്കുന്നു.

## ജൈവവൈവിധ്യോദ്യാനം

തെങ്ങ്, മാവ്, പിലാവ്, കൊന്ന, നെല്ലി, അശോകം, മഹാഗണി, സീതപ്പഴം തുടങ്ങി വൈവിധ്യമാർന്ന ഒരു സസ്യസമ്പത്ത് വിദ്യാലയത്തിലുണ്ട്. ഇതു കൂടാതെ ഹിന്ദുസ്ഥാൻ പെട്രോളിയം ലിമിറ്റഡും പൂർവ്വ വിദ്യാർത്ഥികളും ചേർന്ന് കൂടുതൽ വൈവിധ്യമാർന്ന പുഷ്പഫല സസ്യങ്ങൾ അടങ്ങുന്ന ഒരു ജൈവോദ്യാനത്തിന് രൂപം നൽകിയിട്ടുണ്ട്.

## ഉച്ചഭക്ഷണം

ഗ്യാസ് ഉപയോഗിച്ച് പാകം ചെയ്യുന്ന അടുക്കളയാണുള്ളത്. പാചകക്കാരിയെ സഹായിക്കാൻ രക്ഷിതാക്കൾ വരാറുണ്ട്. ആവശ്യത്തിന് പാത്രങ്ങൾ ഉണ്ട്. സ്കൂൾ കോമ്പൗണ്ടിൽ തന്നെ കിണറും വെയ്സ്റ്റ് ഇടാനുള്ള ബയോഗ്യാസ് പ്ലാന്റുമുണ്ട്. പ്രത്യേക ഭക്ഷണശാലയില്ല.





# വിഷയാധിഷ്ഠിതം
# എൽ.പി. വിഭാഗം
# മലയാളം

അക്ഷരങ്ങളും ചിഹ്നങ്ങളും ഉറയ്ക്കാത്തതാണ് "ഭാഷാപഠനത്തിന് വിഘാതമായി പൊതുവെ കാണപ്പെടുന്നത്. ആവർത്തിച്ചുള്ള വായന, ലേഖനം ഇവയുടെ അഭാവവും ആവശ്യകതാബോധമില്ലായ്മയും കുട്ടിയുടെ ഭാഗത്തുനിന്നും കുട്ടിക്ക് പിന്തുണാസംവിധാനം നൽകുന്നതിലുള്ള പരിമിതികൾ രക്ഷിതാക്കളുടെ ഭാഗത്തുനിന്നും ഇതിന് കാരണമാകുന്നു. അദ്ധ്യാപകർക്കാകട്ടെ പിരീഡുകളുടെ സമയക്കുറവും പാഠഭാഗങ്ങളുടെ ആധിക്യവും സുഗമമായ പഠന പ്രവർത്തനങ്ങൾക്ക് തടസ്സമാകുന്നു.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ചുമതല | സാമ്പത്തികം | കാലദൈർഘ്യം |
|---|---|---|---|---|
| ഭാഷാപരമായി പിന്നാക്കം നിൽക്കുന്നവരെ കണ്ടെത്തുക. | പ്രീ-ടെസ്റ്റ്<br>രണ്ടാം ക്ലാസ്സ് ഒരു ഗ്രൂപ്പും മൂന്ന്, നാല് ക്ലാസ്സുകൾ മറ്റൊരു ഗ്രൂപ്പുമായി തിരിച്ച് തയ്യാറാക്കി വെച്ച ചിലവാക്കുകളും ഖണ്ഡികകളും കുട്ടികളെക്കൊണ്ട് എഴുതിക്കുകയും വായിപ്പിക്കുകയും ചെയ്യുന്നു. ആവശ്യമായ ഭാഷാശേഷി കൈവരിക്കാത്തവരെ കണ്ടെത്തുന്നു. | ടീച്ചർ | | ജൂൺ ആദ്യ വാരം (ഹ്രസ്വം) |
| ഭാഷാവികാസം | കലോത്സവം<br>വായനോത്സവം<br>സംയുക്തഡയറി<br>സചിത്ര പുസ്തകം<br>പാട്ടരങ്ങ്<br>റീഡേഴ്സ് തിയേറ്റർ<br>രചനോത്സവം<br>ഭാഷോത്സവം<br>കുട്ടിപത്രം<br>കാവ്യോത്സവം<br>മലയാളത്തിളക്കം | | | |
| സർഗ്ഗാത്മക രചനകളിൽ മികവുണ്ടാക്കുന്നതിന് | 1. **<u>ബാലമാസികാ വായന</u>**<br>കഴിയാവുന്നത്ര ബാല മാസികകൾ ശേഖരിച്ച് കുട്ടികൾക്ക് വായിക്കാൻ നൽകുക. | ടീച്ചർ | | തുടർച്ചയായ പ്രവർത്തനം |
| | 2. **<u>വരികൾ ചേർക്കാം</u>**<br>കവിതയുടെ രണ്ടോ നാലോ വരികൾ നൽകി കൂടുതൽ വരികൾ ചേർക്കുക. | ടീച്ചർ | | |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ചുമതല | സാമ്പത്തികം | കാലദൈർഘ്യം |
|---|---|---|---|---|
| | 3. **മാറ്റിപ്പാടാം**<br>ഒരേ കവിത പല ഈണത്തിൽ ചൊല്ലുക<br>4. കഥാപുരാണം<br>5. കഥ എഴുതാം<br>6. കടങ്കഥ നിർമ്മിക്കാം<br>7. നാടകീകരണം<br>8. സർഗ്ഗാത്മക ഡയറി<br>9. വായനകാർഡ് നിർമ്മാണം<br>10. കാവ്യാവിഷ്ക്കാരം<br>11. പ്രദേശത്തുള്ള കലാകാരൻമാരുമായുള്ള സംവാദം | | | |
| | 12. **മാഗസിൻ തയ്യാറാക്കൽ**<br>കുട്ടികളുടെ രചനകൾ കയ്യെഴുത്ത് മാസികയായും അച്ചടിച്ച മാസികയായും പ്രസിദ്ധീകരിക്കുന്നു. | എസ്.ആർ.ജി, പി.ടി.എ | 5000 | ഇടക്കാലം |
| | 13. **ആകാശവാണി പരിപാടി**<br>ഉച്ചക്ക് ഇടവേളനേരം സ്കൂൾ സൗണ്ട് സിസ്റ്റം ഉപയോഗിച്ച് ഒരു ദിവസം ഒരു ക്ലാസ് എന്ന നിലയിൽ ചിത്രീകരണം, ചർച്ച, കവിതാലാപനം എന്നിവ നടത്തുന്നു. | എസ്.ആർ.ജി | | ആഴ്ചയിൽ 3 ദിവസം |
| | 14. **ശില്പശാല**<br>അതിഥികളെ ഉപയോഗിച്ചുള്ള ശില്പശാല. | എസ്.ആർ.ജി | 1000 | മൂന്ന് മാസത്തിൽ ഒരിക്കൽ |

## ഗണിതം

ജീവിതത്തന്റെ എല്ലാ മേഖലകളെയും ഗണിതശാസ്ത്രപഠനം വളരെയേറെ സ്വാധീനിക്കുന്നുണ്ട്. ഗണിതത്തിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്താതെ ഒരു ദിവസം പോലും കടന്നുപോകുന്നില്ല. ഗണിതശാസ്ത്ര പഠനം ചിന്തയെ തെളിമയുള്ളതാക്കുകയും വസ്തുതകളെ ശാസ്ത്രീയമായി അപഗ്രഥിക്കുന്നതിന് സഹായിക്കുകയും ചെയ്യുന്നു. ഇതിനായുള്ള പരിശീലനം 1- 4 വരെ ക്ലാസുകളിൽ കാര്യക്ഷമമായി നടക്കേണ്ടതുണ്ട്.

എന്നാൽ  ഇന്ന് നാലാം ക്ലാസ് കഴിഞ്ഞ് ഇറങ്ങുന്ന കുട്ടികളിൽ സംഖ്യാ ബോധവും ചതുഷ്ക്രിയകളും ശരിയായി ഉറയ്ക്കാത്തതു കാരണം ഗണിത പഠനം ദുഷ്ക്കരമാകുന്നു. ഇത് പ്രശ്നാപഗ്രഥനം കൃത്യത തുടങ്ങിയവയെയും ബാധിക്കുന്നു.

നിലവിൽ പകുതി കുട്ടികളും ഇത്തരം പ്രശ്നങ്ങളാൽ വിഷമതയനുഭവിക്കുന്നു. ഗണിത ലാബ്, ഗണിത ലൈബ്രറി, ഗണിത മൂല തുടങ്ങിയ നവീനങ്ങളായ പദ്ധതികളിലൂടെ പ്രശ്നപരിഹരണം നടത്താമെന്നും സമഗ്ര മേഖലയിലും മികച്ചവരാക്കുക എന്ന പൊതു കാഴ്ചപ്പാട് ഇതിലൂടെ സാധ്യമാക്കാമെന്നും പ്രതീക്ഷിക്കുന്നു.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ചുമതല | സാമ്പത്തികം | കാലദൈർഘ്യം |
|---|---|---|---|---|
| പിന്നാക്കക്കാരെ കണ്ടെത്തൽ | പ്രീ- ടെസ്റ്റ്<br>രണ്ടാം ക്ലാസ്സ് ഒരു ഗ്രൂപ്പും മൂന്ന്, നാല് ക്ലാസ്സുകൾ മറ്റൊരു ഗ്രൂപ്പുമായി തിരിച്ച് തയ്യാറാക്കി വെച്ച ലഘു ഗണിത പ്രശ്നങ്ങളിലൂടെ ആവശ്യമായ ഗണിതശേഷി കൈവരിക്കാത്തവരെ കണ്ടെത്തുന്നു. പരിഹാര ബോധനം നടത്തുന്നു.<br><br>വരികൾ ചേർക്കുക. | ടീച്ചർ,<br>പിയർ ഗ്രൂപ്പ് | | ജൂൺ ആദ്യ വാരം (ഹ്രസ്വം) |
| ഗണിതം ലളിതമാക്കാം | കുസൃതി കണക്കുകൾ, പസിലുകൾ പരിചയപ്പെടൽ, പ്രശ്നോത്തരി, ഗണിതമൂല, ഗണിത ചുമർ, ഉല്ലാസ ഗണിതം | | | |
| ജ്യാമിതീയ സൗന്ദര്യം തിരിച്ചറിയാം | ഒറിഗാമി ശില്പശാല<br>പഠനോപകരണ ശില്പശാല | | | |

# പരിസരപഠനം

പ്രകൃതിയെ സൂക്ഷ്മതയോടെ നിരീക്ഷിക്കുന്നതിലൂടെയാണ് കൊച്ചുകുഞ്ഞുങ്ങളിൽ ശാസ്ത്രാവബോധത്തിന് അടിസ്ഥാനമുറയ്ക്കുന്നത്. ഈ നിരീക്ഷണ പാടവം പരിസരപഠനത്തിന്റെ മറ്റു മേഖലകളിലേക്കുകൂടി വ്യാപിപ്പിക്കുകയും കുട്ടികൾക്ക് ശാസ്ത്രപഠനം ആസ്വാദ്യകരമാക്കുകയും പ്രായോഗികതലത്തിൽ വിജയം കണ്ടെത്തുകയും ചെയ്യുക എന്നത് പരിസര പഠനത്തിന്റെ മുഖ്യലക്ഷ്യമാണ്. ഇപ്പോൾ സുഗമമായ പഠനത്തിന് വിഘാതമാവുന്ന പ്രായോഗിക പരിജ്ഞാനക്കുറവും ശാസ്ത്രീയമായ രീതികളുടെ അഭാവവും പരിഹരിച്ചു കൊണ്ടുള്ള ഒരു രീതിയാണ് ആസൂത്രണം ചെയ്യേണ്ടത്.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ചുമതല | സാമ്പത്തികം | കാലദൈർഘ്യം |
|---|---|---|---|---|
| പരിസ്ഥിതിയുടെ പ്രാധാന്യവും പരിസ്ഥിതി സംരക്ഷണത്തിന്റെ ആവശ്യകതയും തിരിച്ചറിയുന്നു. | നിരീക്ഷണങ്ങൾ<br>ഫീൽഡ് ട്രിപ്പുകൾ<br>പുഴയുടെ തീരത്തുള്ള കണ്ടൽ ചെടികൾ സന്ദർശിക്കുന്നു.<br>പരിസ്ഥിതി പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ലഘുയാത്രകൾ<br>ഐ.സി.ടി. സാധ്യതകൾ | ടീച്ചർ,<br>എസ്.ആർ.ജി | | ഹ്രസ്വം |
| സസ്യലോകത്തിലെ വൈവിധ്യങ്ങൾ കണ്ടെത്തുന്നു.<br>ജീവജാലങ്ങളെക്കൊണ്ട് മനുഷ്യനും പ്രകൃതിക്കുമുള്ള ഗുണങ്ങൾ മനസ്സിലാക്കുന്നു. | പച്ചക്കറി തോട്ട നിർമ്മാണം<br><br>ജൈവവൈവിധ്യോ- ദ്യാന നിർമ്മാണം | പരിസ്ഥിതി ക്ലബ്ബ്<br><br>പൂർവ്വ വിദ്യാർത്ഥികൾ | | 1 മാസം<br><br>ഹ്രസ്വം |
| ചുറ്റുമുള്ള സമൂഹത്തെക്കുറിച്ചും ലോകത്തെക്കുറിച്ചും പൊതുധാരണ ഉണ്ടാകുന്നു. | ഉച്ചഭക്ഷണ വിവരങ്ങൾ<br>ആഹാരശുചിത്വശീലങ്ങൾ പാലിക്കൽ<br>ഭവനസന്ദർശനങ്ങൾ<br>പോസ്റ്റർ രചന | ടീച്ചർ<br>എസ്.ആർ.ജി | | |
| പ്രകൃതിയെ അറിയാൻ | പൂന്തോട്ട നിർമ്മാണം, ജൈവവൈവിധ്യ പാർക്ക് ഒരുക്കൽ,, പ്രകൃതി നടത്തം കർഷകരുമായുള്ള അഭിമുഖം | | | |
| സാമൂഹ്യാവബോധം വളർത്തുക<br><br>ശാസ്ത്രാവബോധം വളർത്തുക | ശുചിത്വ സർവ്വേ, ഭക്ഷ്യമേള, പോസ്റ്റർ രചന<br><br>ലഘു പരീക്ഷണങ്ങൾ<br>ഫീൽഡ് ട്രിപ്പ്<br>ശാസ്ത്രമാസിക രചന | | | |

# ENGLISH

Most of the children write with a mix of uppercase and lowercase letters. Reading and writing have not reached the required level of proficiency for students who have difficulty in reading and writing, at the II, III, IV class also pretest is the conducted in the month of June to raise the language level of the children. Then remedial activities are carried out as individuals and groups.

| AIM | ACTIVITIES | DUTY | EXPENCE | DURATION |
|---|---|---|---|---|
| **Identifies backward children in classes 2, 3, 4** | Class 2 with one group and class 3 and 4 with another group to identify those who have not achieved the required English language skills through remidial activities. | ടീച്ചർ, | | ജൂൺ ആദ്യ വാരം |
| | **Listerning Skills**<br>Games, Action Song Conversation, Skit, Stories. | എസ്.ആർ.ജി | | ഹ്രസ്വം |
| | **Speaking Skills**<br>Self introduction, Speech, book review, riddles, school radio, English assembly, speech bubbles, Conversation. | ടീച്ചർ | | ഹ്രസ്വം |
| | **Reading**<br>News reading, book review, collect rhyming words describing words etc. | ടീച്ചർ | | ഹ്രസ്വം |
| | **Writing**<br>Diary, Announcement, picture description, Notice Thought word web, word chain, add more line, magazine | ടീച്ചർ | | തുടർച്ചയായ പ്രവർത്തനം |

| AIM | ACTIVITIES | DUTY | EXPENCE | DURATION |
| --- | --- | --- | --- | --- |
| ഇംഗ്ലീഷ് ഭാഷ കൂടുതലായി കേൾക്കാനുള്ള അവസരമൊരുക്കൽ | Teacher talk, Rhymes and stories using C.D.S, Guest. Cessions, Announcements in English, English Assembly. | Teacher | | |
| ഇംഗ്ലീഷ് ഭാഷ കൂടുതലായി സംസാരിക്കാനുള്ള അവസരം | Role play, SKit, Dramatisation of lessons, English Assembly Readers theatre. | SRG | | |
| എഴുത്ത് | Postermaking, Class Magazine, Profile Writing, Making Short Notices, Speech bubbles | Teacher | | |

# അറബി

അക്ഷരങ്ങളും ചിഹ്നങ്ങളും ഉറയ്ക്കാത്തതുതന്നെയാണ് അറബി പഠനത്തിലും പ്രധാന പ്രശ്നം. ഐ.സി.ടി ഉപയോഗത്തിനുള്ള പരിമിതികൾ, രക്ഷിതാക്കൾ നൽകുന്ന പഠന പിന്തുണയിലുള്ള കുറവ്, അറബി തുടർച്ചയായി കേൾക്കുന്നതിനും ഉപയോഗിക്കുന്നതിനുമുള്ള അവസരക്കുറവ് എന്നിവയാണ് പരിഹരിക്കേണ്ട പ്രശ്നങ്ങൾ.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ചുമതല | സാമ്പത്തികം | കാലദൈർഘ്യം |
|---|---|---|---|---|
| അറബി വായിക്കാനം എഴുതാനുമുള്ള കഴിവ് സ്വായത്തമാക്കുക. | വായനാകാർഡുകൾ തയ്യാറാക്കൽ<br>എഴുതാം രസിക്കാം. | ടീച്ചർ, | | വർഷം മുഴുവൻ |
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | അക്ഷരക്കളരി<br>പദച്ചാർട്ട് നിർമ്മാണം<br>വാക്യങ്ങൾ നിർമ്മിക്കാം<br>എണ്ണാം പറയാം. | ടീച്ചർ | | ജൂൺ |
| കുട്ടികളെ മികച്ച വായനക്കാരാക്കുക. | പുസ്തക ചർച്ച<br>വായനാനുഭവം പങ്കുവെക്കൽ<br>ലൈബ്രറി ഒരുക്കാം<br>ഭാഷാ പ്രോജക്ടുകൾ<br>ഭാഷാകേളികൾ | ടീച്ചർ | | ഓരോ മാസവും |

# യു. പി. വിഭാഗം

## മലയാളം

മലയാളം ശ്രേഷ്ഠഭാഷയായി അംഗീകരിക്കപ്പെട്ടു. എങ്കിലും മലയാള ഭാഷക്ക് അർഹമായ അംഗീകാരം ലഭിക്കണമെങ്കിൽ മലയാളികൾക്കെങ്കിലും അത് വ്യക്തവും സ്ഫുടവുമായി ഉപയോഗിക്കുവാൻ കഴിയണം. ഈ ലക്ഷ്യം മുന്നിൽകണ്ട് മലയാളം മധുരതരമാക്കാൻ കോരപ്പുഴ ജി.എഫ്.യു.പി. സ്കൂൾ പ്രവർത്തന പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്.

ഞങ്ങളുടെ വിദ്യാലയത്തിൽ 89 വിദ്യാർത്ഥികളാണുള്ളത്. ഇവരിൽ നിലനിൽക്കുന്ന ആശയവിനിമയശേഷിയുടെ അപര്യാപ്തത വായനലേഖന രംഗങ്ങളിൽ പരിഹരിച്ച് സമ്പൂർണ്ണമായും അക്ഷരവ്യക്തത, സ്ഫുടത എന്നിവയോടെ കാര്യങ്ങളെ സർഗാത്മകമായി സമീപിക്കുന്ന പ്രവണത വളർത്തുക എന്നതാണ് അന്തിമലക്ഷ്യം.

പൊതുവെ പരിശോധിച്ചാൽ കുട്ടികൾ വായന, എഴുത്ത് എന്നിവയിൽ മികവ് പ്രകടിപ്പിക്കുന്നു. എന്നാൽ സൂക്ഷ്മതലങ്ങളിലേക്ക് പ്രവേശിച്ചാൽ 5 കുട്ടികൾ ചിഹ്നം, അക്ഷരം എന്നിവയിൽ വ്യക്തത ഇല്ലായ്മ അനുഭവിക്കുന്നു. അനുഭവജ്ഞാനമുള്ള വിരലിലെണ്ണാവുന്നവർ സർഗാത്മകമായി മെച്ചപ്പെട്ട സമീപനം കാഴ്ചവെക്കുന്നു. ശ,ഷ,ദ,ധ തുടങ്ങിയ അക്ഷരങ്ങളിലുള്ള ആശയക്കുഴപ്പം പൊതുവായി കാണപ്പെടുന്നുണ്ട്.

വായനാനുഭവങ്ങളുടെ കുറവ്, പിന്തുണയുടെ കാര്യത്തിൽ ഗൃഹാന്തരീക്ഷത്തിലെ അനുകൂല ഘടകങ്ങളുടെ ലഭ്യതകുറവ്, ആവർത്തനത്തിന്റെ അഭാവം, സ്കൂളിൽ വായനമുറിയുടെ അഭാവം എന്നിവയെല്ലാം തന്നെ ഭാഷാവ്യവഹാരപ്രകടനങ്ങൾക്കും സർഗാത്മകതയുടെ വികസനത്തിനും കുട്ടികൾക്ക് തടസ്സം നിൽക്കുന്നു.

എന്നാൽ മതിയായ സമയം ലഭിക്കാത്തതും അധ്യാപനരീതികൾ പ്രാവർത്തികമാക്കുന്നതിലെ അപര്യാപ്തതയും പഠനസാമഗ്രികളുടെ ദൗർലഭ്യം, വേണ്ടത്ര പിന്തുണ അധികാര സ്ഥാനങ്ങളിൽ നിന്നുണ്ടാവാത്തത്, ബന്ധപ്പെട്ട യോഗങ്ങളും അധ്യാപക പരിശീലനവും യഥാസമയം ഉണ്ടാവാത്തത്, രക്ഷിതാക്കളുടെ ജീവിതസാഹചര്യം അവരുടെ ബോധമില്ലായ്മ എന്നിവ അധ്യാപകർക്ക് വിഷമമുണ്ടാക്കുന്ന കാര്യങ്ങളാണ്.

രക്ഷിതാക്കളാവട്ടെ അക്കാദമികമായി എങ്ങനെ പിന്തുണ നൽകും എന്നതിൽ ഇപ്പോഴും അജ്ഞരാണ്. പഠനരീതികളെക്കുറിച്ചുള്ള അറിവില്ലായ്മ, യോഗങ്ങളിലെ ശരിയായ പങ്കാളിത്തമില്ലായ്മയിൽ നിന്നുടലെടുക്കുന്നു. വായനാശീലത്തിലും മറ്റുയർന്ന തല അറിവുകളുടെ കാര്യത്തിലും ദാരിദ്ര്യം അനുഭവപ്പെടുന്നു. കൂടിയിരിപ്പുകളിൽ രക്ഷിതാക്കളുടെ അസാന്നിദ്ധ്യം കൂടാതെ മാധ്യമങ്ങളുടെ അതിപ്രസരവും അതിന്റെ ശരിയായ ഉപയോഗമില്ലായ്മയും രക്ഷിതാക്കളുടെ ഭാഗത്തെ പ്രശ്നങ്ങളാണ്.

ഇത്തരം പ്രശ്നങ്ങളെല്ലാം തരണം ചെയ്ത് എല്ലാ വിദ്യാർത്ഥികളെയും നല്ല രീതിയിൽ എഴുത്തും വായനയും അറിയുന്നവരാക്കി ഭാഷയെ സർഗ്ഗാത്മകമായി ഉൾക്കൊള്ളുന്നവരാക്കി മാറ്റാൻ 2024 - 25 വർഷത്തിലേക്ക് ഞങ്ങൾ രൂപം നൽകിയ പ്രവർത്തനങ്ങൾക്കാവുമെന്ന് പ്രതീക്ഷിക്കുന്നു.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ചുമതല | സാമ്പത്തികം | കാലദൈർഘ്യം |
|---|---|---|---|---|
| ഭാഷാപരമായി പിന്നാക്കം നിൽക്കുന്നവരെ കണ്ടെത്തുക.<br>കുട്ടികളുടെ സമഗ്ര ഗുണമേന്മ ലക്ഷ്യം വെച്ച് ഓരോ കുട്ടിയുടേയും ആവശ്യങ്ങൾ തിരിച്ചറിയുക. | പ്രീ ടെസ്റ്റ്<br>5, 6, 7 ക്ലാസ്സുകൾ ഒരു ഗ്രൂപ്പായി കണ്ട് തയ്യാറാക്കി വെച്ച ചിലവാക്കുകളും ഖണ്ഡികകളും കുട്ടികളെക്കൊണ്ട് എഴുതിക്കുകയും വായിപ്പിക്കുകയും ചെയ്യുന്നു. ആവശ്യമായ ഭാഷാ ശേഷി കൈവരിക്കാത്തവരെ കണ്ടെത്തുന്നു. 'തിരിവെട്ടം' പദ്ധതി പരിചയപ്പെടുത്തുന്നു. (Helping hand) | ടീച്ചർ | | ജൂൺ ആദ്യ വാരം |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ചുമതല | സാമ്പത്തികം | കാലദൈർഘ്യം |
|---|---|---|---|---|
| ഭാഷയുടെ അടിസ്ഥാന ശേഷി വികസനം ആശയസം വേദനം നടത്താനും പദസ മ്പത്ത് വളർത്താനും പഠിതാ ക്കളെ പ്രാപ്തരാക്കുക. | എന്റെ അവധിക്കാലം: പഠിതാക്കൾ അവരുടെ അവ ധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവ കുറിപ്പ്) അവതരി പ്പിക്കുന്നു. | മലയാളം അധ്യാപകൻ | | ജൂൺ മാസം |
| ദിനാചരണങ്ങളുമായ് ബനധ പ്പെടുത്തി ഭാഷയിലെ വ്യത്യസ്ത വ്യവഹാര രൂപ ങ്ങൾ കുട്ടികളെ പരിചയപ്പെ ടുത്തുക. | **പരിസ്ഥിതി ദിനാഘോഷം**<br>പോസ്റ്റർ നിർമ്മാണം, പ്രദർശനം<br>സൂചനാ ബോർഡുകൾ സ്ഥാപിക്കൽ<br><br>**വായനാമാസാചരണം**<br>വായനകുറിപ്പ് തയ്യാറാക്കൽ<br>കൈയ്യെഴുത്ത് മാസിക നിർമ്മാണം<br><br>**ലഹരിവിരുദ്ധദിനം**<br>പോസ്റ്റർ<br>റോൾപ്ലേ | മലയാളം അധ്യാപകൻ<br><br>ആർട്ട് ടീച്ചർ | | ജൂൺ മാസം |
| | **ഭാഷാകേളി**<br>അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരി കൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുക. | മലയാളം അധ്യാപകൻ | | ജൂൺ മാസം |
| | **വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്**<br>അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോ ഗിച്ച് പദങ്ങളുടെയും വാക്യ ങ്ങളുടെയും നിർമ്മാണം. | മലയാളം ക്ലബ്ബ് | | എല്ലാ ദിവസവും |
| പഠിതാവിൽ അർത്ഥപൂർണ്ണ മായ വായന ഉറപ്പ് വരുത്തുക. | **വാർത്താലോകത്തേക്ക്:**<br>പത്രം, ആഴ്ചപ്പതിപ്പ്, മാസി കകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണ ശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തു കയും ചെയ്യുന്നു. | | | പ്രതിമാസം |

| | | | | |
|---|---|---|---|---|
| | **വാർത്താവായന:**<br>നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ് തലത്തിൽ വായന നടത്തി തിര ഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു.<br>അതാത് മാസത്തെ പ്രധാന സംഭവ ങ്ങൾ ക്ലാസ്, സ്കൂൾ, ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ ആസ്പ ദമാക്കി ക്വിസ് മത്സരം നടത്തുന്നു. | മലയാളം ക്ലബ്ബ് | | വർഷത്തിൽ മൂന്നു പ്രാവശ്യം |
| സാഹിത്യ കൃതികളോടും സാഹിത്യകാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാ ക്കളുടെ സർഗ്ഗശേഷി വളർത്തൽ | **സംവാദം/ മുഖാമുഖം:**<br>സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദ ങ്ങളും സംഘടിപ്പിക്കുന്നു. | ഹെഡ്മിസ്ട്രസ്, മലയാളം അധ്യാപകർ | | വർഷത്തിൽ രണ്ട് പ്രാവശ്യം |
| മലയാളം കമ്പ്യൂട്ടറിംഗ് പരിജ്ഞാനം നേടി എടുക്കലും സർഗ്ഗാ ത്മക ശേഷി വളർത്തലും | **ഇ – കമ്പ്യൂട്ടറിംഗ്:**<br>മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടറിംഗ് പരിശീലിപ്പിക്കുകയും ഇ - മാഗസിൻ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. | മലയാളം, ഐ.ടി അധ്യാപ കൻ | | രണ്ട് വർഷം |
| | മുഴുവൻ പഠിതാക്കളുടെയും സർഗ്ഗാ ത്മക രചനകൾ ഉൾക്കൊള്ളിച്ച് കൊണ്ട് സ്കൂൾ മാഗസിൻ തയ്യാറാക്കു ന്നു. | മലയാളം അധ്യാപകൻ | | വർഷാവസാനം |
| പഠിതാക്കളുടെ കലാ വാസനകളെ പരിപോ ഷിപ്പിക്കൽ | **രംഗാവിഷ്കാരം:**<br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ, ലഘുനാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകു ന്നു. വിദഗ്ധരായ നാടക കലാകാരന്മാ രെയും മറ്റ് കലാകാരന്മാരെയും പങ്കെ ടുപ്പിച്ച് കൊണ്ട് ശില്പശാലകൾ നട ത്തുന്നു. | പി.ടി.എ.സ്കൂൾ മലയാളം അധ്യാപകൻ | | അക്കാദമിക് വർഷം |

# ഗണിതം

മിക്ക കുട്ടികളും ഭയപ്പാടോടെ കാണുന്ന വിഷയമാണ് ഗണിതം. ഈ പേടി മാറ്റി ഗണിതം ആസ്വാദ്യകരമാക്കിയും ജീവിതഗന്ധിയായും മാറ്റുവാൻ നിലവിലെ രീതിയിൽ നിന്നും വ്യത്യസ്തമായി പഠനരീതികൾ ആവിഷ്ക്കരിക്കേണ്ടിയിരിക്കുന്നു.

ഗണിതപരമായ അറിവിന്റെ വ്യാപ്തികുറവ്, ചതുഷ്ക്രിയകൾ ഉറയ്ക്കാത്തത്, പ്രശ്നങ്ങളെ വിശകലനം ചെയ്യുന്നതിനുള്ള പാകപ്പിഴ, നിർമിതിയിലുള്ള സൂക്ഷ്മതക്കുറവ്, ആസ്വാദ്യകരമല്ലാത്ത പഠനരീതി ഇവയെല്ലാം പഠനത്തിന് വിഘാതമാണ്. ഇവയെ തരണം ചെയ്യാൻ ആസ്വാദ്യകരമായ ഏതാനും പദ്ധതികൾ ആസൂത്രണം ചെയ്തിരിക്കുന്നു. പ്രശ്നപരിഹരണത്തിന് ഇവ സഹായകമാകുമെന്ന് പ്രതീക്ഷിക്കുന്നു.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ചുമതല | സാമ്പത്തികം | കാലദൈർഘ്യം |
|---|---|---|---|---|
| പിന്നാക്കക്കാരെ കണ്ടെത്തൽ | **പ്രീടെസ്റ്റ്: 5, 6, 7** ക്ലാസ്സുകൾ ഒരു ഗ്രൂപ്പായി തിരിച്ച് തയ്യാറാക്കി വെച്ച ലഘു ഗണിത പ്രശ്നങ്ങളിലൂടെ ആവശ്യമായ ഗണിതശേഷി കൈവരിക്കാത്തവരെ കണ്ടെത്തുക. | ടീച്ചർ, എസ്.ആർ.ജി | | ജൂൺ ആദ്യവാരം |
| അടിസ്ഥാന ഗണിത ക്രിയകൾ എല്ലാപഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു. | **ഗണിത ശിൽപ്പശാല** കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർ കാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ, ഫ്ളാഷ് കാർഡ് ...... ഉപയോഗിക്കുന്നു.) | ഗണിത അധ്യാപകൻ | | ജൂൺ മാസം |
| രസകരമായ ഗണിത ശാസ്ത്രപഠനവും കരചലന ശേഷികളുടെ വികാസവും | **ഒറിഗാമി ശിൽപ്പശാല** ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ | ഗണിത അധ്യാപകൻ | | വർഷത്തിൽ ഒരു പ്രാവശ്യം |
| ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ ലാബിൽ വെച്ച് ഗണിത ക്ലാസ് നടത്തൽ. | ഗണിത അധ്യാപകരും, ഗണിത ക്ലബ്ബിലെ അംഗങ്ങളും | | ആവശ്യാനുസരണം |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ചുമതല | സാമ്പത്തികം | കാലദൈർഘ്യം |
|---|---|---|---|---|
| ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | **ഐ. ടി. സാധ്യതകളിലൂടെ** ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം ഇതുപോലുള്ള പ്രവർത്തനങ്ങൾ ഐ.ടി. സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | ഗണിത അധ്യാപകൻ | | മാസത്തിൽ ഒരു പ്രാവശ്യം |
| ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | **ഗണിതക്ലിനിക്ക്** ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി, ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ നിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ഗണിത അധ്യാപകരും സമർത്ഥരായ കുട്ടികളും | | ആഴ്ചയിൽ ഒരു പിരീഡ് |
| വിവിധ ശേഷികളുടെ വികസനം | **ദിനാചരണം** ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | എസ്.ആർ.ജി | | ആവശ്യാനുസരണം |

# യു. പി. വിഭാഗം
# അടിസ്ഥാന ശാസ്ത്രം

സമൂഹത്തിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ, മനുഷ്യന്റെ ജീവിത സാഹചര്യങ്ങൾ മികവുറ്റതാക്കാൻ, ശാസ്ത്രത്തിനു മാത്രമേ കഴിയൂ. ഇന്നു നിലനിൽക്കുന്ന അന്ധവിശ്വാസങ്ങളും അനാചാരങ്ങളും തുടച്ചു നീക്കാൻ ശാസ്ത്രപഠനം കൂടിയേ തീരൂ. മനുഷ്യൻ കാലാകാലമായി ആർജിച്ചെടുത്ത അറിവിന്റെ വികാസം ഏറ്റെടുക്കേണ്ടവരാണ് വിദ്യാർത്ഥികൾ. വിദ്യാർത്ഥികളുടെ കൗതുകവും, ജിജ്ഞാസയും, നിരീക്ഷണപാടവും വികസിപ്പിച്ച് അവരെ പുതിയ അറിവുകളുടെ നിർമിതിക്കായി രൂപപ്പെടുത്തേണ്ടത് വിദ്യാലയങ്ങളുടെ കർത്തവ്യമാണ്. വിദ്യാർത്ഥികളിൽ ശാസ്ത്രീയമനോഭാവം ഉണ്ടാക്കാനും പ്രക്രിയാശേഷികൾ നേടിയെടുക്കാനും ആവശ്യമായ പ്രവർത്തനങ്ങൾ ഓരോ വിദ്യാലയത്തിനും ഉണ്ടാവേണ്ടതുണ്ട്.

ഇന്ന് നമ്മുടെ വിദ്യാലയത്തിൽ കുട്ടികളുടെ ശാസ്ത്രീയബോധം വളർത്തുന്നതിനും പ്രക്രിയാശേഷികൾ നേടികൊടുക്കുക്കാനും ഉള്ള സജ്ജീകരണങ്ങൾ ഇനിയും മെച്ചപ്പെടേണ്ടതുണ്ട്. മികച്ച ശാസ്ത്രപഠനാനുഭവങ്ങൾ നൽകാൻ മികച്ച ഒരു പരീക്ഷണ ശാല ആവശ്യമാണ്. പരിസ്ഥിതിയോട് സ്നേഹമുള്ള പുതുതലമുറയെ വാർത്തെടുക്കുന്നതിന് ജൈവവൈവിധ്യപാർക്ക് ഒരുക്കേണ്ടതുണ്ട്. ശാസ്ത്രീയമനോഭാവത്തോടെയുള്ള കൃഷി രീതികൾ കുട്ടികൾ പരിചയപ്പെടേണ്ടതുണ്ട്. ശാസ്ത്രത്തിലെ പുതു അറിവുകൾ സ്വായത്തമാക്കാൻ ശാസ്ത്ര ലൈബ്രറി ഒരുക്കേണ്ടതുണ്ട്. അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും എതിരെ പോരാടാൻ കുട്ടികളെ സജ്ജരാക്കേണ്ടതുണ്ട്. ശുചിത്വബോധം ചെറുപ്പത്തിലേ ശീലിക്കേണ്ടതാണ്. ഇന്ന് സമൂഹം നേരിടുന്ന മാലിന്യപ്രശ്നങ്ങൾക്ക് ശാസ്ത്രീയ മാലിന്യ സംസ്ക്കരണ രീതികളിൽ അറിവും പരിശീലനവും നൽകേണ്ടതുണ്ട്. ഈ ലക്ഷ്യങ്ങൾ നേടാനാവശ്യമായ വിവിധ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിരിക്കുന്നു. ഇനിയും ധാരാളം മെച്ചപ്പെടുത്തലുകൾ ആവശ്യമുണ്ട്.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ചുമതല | സാമ്പത്തികം | കാലദൈർഘ്യം |
|---|---|---|---|---|
| ജീവിതത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | **ജൈവവൈവിധ്യ പാർക്ക്** പച്ചക്കറിത്തോട്ടം, കുളം, പൂന്തോട്ടം എന്നിവ നിർമ്മാണം | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്, സയൻസ് ക്ലബ്ബ് | പി.ടി.എ | അക്കാദമിക വർഷം |
| | **കണ്ടറിയാനൊരു യാത്ര** വംശനാശഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, കാവുകൾ സന്ദർശനം, കണ്ടൽക്കാട് നിരീക്ഷണം, പുഴയെ അറിയാൻ, യാത്രകൾ | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്, സയൻസ് ക്ലബ്ബ് | രക്ഷിതാക്കൾ | ജൂലൈ |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ചുമതല | സാമ്പത്തികം | കാലദൈർഘ്യം |
|---|---|---|---|---|
| | **പരീക്ഷണ കളരി**<br>നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായത് ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്രക്ലാസുകൾ ആരംഭിക്കുന്നു. പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു.<br>പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്രപരീക്ഷണങ്ങളുടെ ഒരു ശേഖരണം തയ്യാറാക്കുന്നു. | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്, സയൻസ് ക്ലബ്ബ് | | ജൂൺ മുതൽ |
| ശാസ്ത്രപ്രക്രിയാ ശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക | **ശാസ്ത്രവിസ്മയ ചുമർ**<br>ശാസ്ത്രപാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്രവിസ്മയ ചുമർ ഓരോ ക്ലാസിലും നിർമിക്കുന്നു.<br><br>**യുറേക്കാ**<br>കുട്ടികളിൽ ശാസ്ത്രഅവബോധം വർദ്ധിപ്പിക്കുന്നതിനായി ക്ലാസുകളിൽ ശാസ്ത്രമാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്രലൈബ്രറി | ശാസ്ത്രാധ്യാപകർ<br><br>ശാസ്ത്രാധ്യാപകർ | | അക്കാദമിക വർഷം<br><br>അക്കാദമിക വർഷം |
| ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്രസാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | **വിസ്മയയാത്ര**<br>ICT യുടെ സഹായത്തോടെ ശാസ്ത്രവിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ ശാസ്ത്രസത്യങ്ങൾ, ശാസ്ത്രകാരന്മാരുടെ ജീവചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവ, വീഡിയോ പ്രദർശനം | ശാസ്ത്രാധ്യാപകർ | | അക്കാദമിക വർഷം |

# സാമൂഹ്യശാസ്ത്രം

സമൂഹത്തിന്റെ വികാസപരിണാമങ്ങൾ അറിയുവാനും സമൂഹത്തെ മെച്ചപ്പെടുത്തുവാനുള്ള കൂട്ടായ പരിശ്രമത്തിൽ തന്റെ പങ്ക് തിരിച്ചറിഞ്ഞ് പ്രവർത്തിക്കുവാനും കുട്ടികളെ പ്രാപ്തരാക്കുക എന്ന ലക്ഷ്യം സാമൂഹ്യശാസ്ത്രപഠനത്തിലൂടെ കൈവരിക്കേണ്ടതുണ്ട്. സാമൂഹ്യ മാറ്റങ്ങളിൽ പങ്കുചേരുന്നതോടൊപ്പം സമൂഹത്തെ മുന്നോട്ടു നയിക്കാൻ പ്രാപ്തരായ ഒരു പുതുതലമുറയെ വാർത്തെടുക്കേണ്ടത് സാമൂഹ്യശാസ്ത്രപഠനത്തിലൂടെയാണ്. മണ്ണ്, ജലം, വായു ഇവ മലിനമാക്കാതെ നിർമലമായ പ്രകൃതി വരും തലമുറക്ക് വേണ്ടി കാത്തുസൂക്ഷിക്കാനുള്ള പരിശീലനം നേടേണ്ടതുണ്ട്. ജനാധിപത്യബോധം, മതനിരപേക്ഷചിന്ത, ദേശീയബോധം, സഹിഷ്ണുത, സഹകരണ മനോഭാവം, സംഘബോധം, പ്രതികരണശേഷി തുടങ്ങിയ മൂല്യങ്ങൾ ലഭിക്കാനുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടേണ്ടതുണ്ട്.

സാമൂഹ്യശാസ്ത്ര ബോധനലക്ഷ്യങ്ങൾ നേടുന്നതിനുള്ള പ്രവർത്തനങ്ങളുടെ ഫലപ്രാപ്തി താൽക്കാലികമാവുന്നു എന്നുള്ളതാണ് നാം ഇന്ന് നേരിടുന്ന പ്രധാന വെല്ലുവിളി. ആഴത്തിലുള്ള അവബോധം സൃഷ്ടിക്കാനുള്ള അധിക പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ചുമതല | സാമ്പത്തികം | കാലദൈർഘ്യം |
|---|---|---|---|---|
| ദേശീയബോധം വളർത്തുക | ചരിത്രസ്മാരക സന്ദർശനം | ടീച്ചർ, പി.ടി.എ, പൂർവ വിദ്യാർത്ഥികൾ | 25000 | ദീർഘം |
| സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ | **അങ്കത്തട്ട് – കളിയിൽ നിന്ന് കാര്യത്തിലേക്ക്** സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു. | സാമൂഹ്യശാസ്ത്ര അധ്യാപകൻ | | അക്കാദമിക വർഷാരംഭം (ജൂൺ) |
| | **ഓർമ്മച്ചെപ്പ്** അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ICT സാധ്യതകളുപയോഗിച്ച് Memory Test നടത്തുന്നു. | സാമൂഹ്യശാസ്ത്ര അധ്യാപകൻ | | അക്കാദമിക വർഷാരംഭം (ജൂൺ) |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ചുമതല | സാമ്പത്തികം | കാലദൈർഘ്യം |
|---|---|---|---|---|
| പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക | Virtual Field Trip<br>ICT സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുക. | സാമൂഹ്യശാസ്ത്ര അധ്യാപകൻ | | അക്കാദമിക വർഷാരംഭം |
| ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക | **വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക്.**<br>ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാനതലം മനസ്സിലാക്കുന്നു. | സാമൂഹ്യശാസ്ത്ര അധ്യാപകൻ | | അക്കാദമിക വർഷാരംഭം |
| പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു. | **പ്രകൃതി താണ്ഡവം: നേർക്കാഴ്ച**<br>ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസ്സിലാക്കുകയും അഗ്നിശമനസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ Demonstration ക്ലാസുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു. | സാമൂഹ്യശാസ്ത്ര അധ്യാപകൻ | | അക്കാദമിക വർഷാരംഭം |
| സഹജീവികളോട് സമഭാവന വളർത്തി എടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | **നന്മയുടെ നുറുങ്ങുവെട്ടം**<br>പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. മിതവ്യയശീലത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധനസാമഗ്രികൾ ദുരന്തബാധിത പ്രദേശങ്ങളിൽ ആശ്വാസഹസ്തമാകുന്നു. | സാമൂഹ്യശാസ്ത്ര അധ്യാപകൻ | | അക്കാദമിക വർഷാരംഭം |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ചുമതല | സാമ്പത്തികം | കാലദൈർഘ്യം |
|---|---|---|---|---|
| | **ചിലന്തിവലയിൽ നിന്ന് കുതിച്ചുചാട്ടം** സാമൂഹ്യ ശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും | സാമൂഹ്യശാസ്ത്ര അധ്യാപകൻ | | അക്കാദമിക വർഷാരംഭം |
| പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | സാമൂഹ്യശാസ്ത്ര അധ്യാപകൻ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് | അക്കാദമിക വർഷാരംഭം |
| സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു. | **കാടെവിടെ മക്കളെ? (ഫീൽഡ് ട്രിപ്പ്, സർവ്വേ)** പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ, കണ്ടൽക്കാടുകൾ, തണ്ണീർ തടങ്ങൾ, ജലാശയങ്ങൾ, കാടുകൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു. | സാമൂഹ്യശാസ്ത്ര അധ്യാപകൻ | | അക്കാദമിക വർഷാരംഭം |
| സാമൂഹ്യശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശീയ നിലവാരത്തിലേക്ക് എത്തിക്കുന്നു. | **പുതുചക്രവാളത്തിലേക്ക്** സിവിൽ സർവ്വീസ് പരീക്ഷകളെഴുതാൻ പ്രാപ്തി നേടും വിധം അറിവിന്റെ മാസ്മരിക ലോകം സൃഷ്ടിക്കുന്ന, മത്സരബുദ്ധിയോടെ പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ നിമിഷനേരം കൊണ്ടെന്ന രീതിയിലുള്ള ചോദ്യോത്തരവേളകൾ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു. | | | |

# ENGLISH

For students who have difficulty in reading and writing, a pretest is conducted at the UP level to find out the language level of the children. Then remedial work is done individually and in groups.

| AIM | ACTIVITIES | DUTY | EXPENCE | DURATION |
|---|---|---|---|---|
| **Identifies backward students in classes 5, 6, 7** | **Pre test - Classes are divided into groups to identify those who do not meet the required English skills through pre-prepared activities.** | **SRG** | | **June First weak** |
| **2) Provides opportunity to listen and speak propery** | Lend Your years:- Record and speak English in a simple and funny way. Children are encouraged to give appropriate answers to related questions. | **English Teacher** | | **July** |
| | Follow Me If Can - Training is given to follow instructions given in English. | **English Teacher** | | **June** |
| | Breaking News:- English news is recorded and played. Provides an opportunity to listen to the correct pronunciation. | **English Teacher** | | **November** |
| | One day one word:- Provides two words everyday and give an opportunity to make new sentence using that word. | **English Teacher** | | **June** |
| **3) Practicing imaginate Reading** | One Man Show:- Encouraging solo acting in English by giving ideas. | **English Teacher** | | |
| | I Too can:- Various reading cards are given. It gives an opportunity to read without mistakes. | **English Teacher** | | |

| AIM | ACTIVITIES | DUTY | EXPENCE | DURATION |
|---|---|---|---|---|
| | FM Cornere: Reader's Theater provides an opportunity to present different stories in the form of radio drama. | English Teacher | | August |
| | Reader of the Month: Provides an opportunity to read English news paper and respeced reader of the month. | English Teacher | | |
| 4) Enables to write English without mistakes | My Drplets: Prepare class Magazine and mini dictionary with children's art work. | English Teacher | | |
| | Alert Zone: Notice board, Posters, notices are displayed in School and Classroom. | English Teacher | | |
| | Run baby Run:- Divides the class int groups. The words displayed on the chart are read once and then written on another chart. Without error. The first group to write correctly is declared the winner. | English Teacher | | |
| 5) Increases confidence in the English language. | The Grand Camp:<br>An English camp is conducted by creating an English atmosphere with teachers who are proficient in English.<br><br>Class V: Storytelling of Story writing.<br>Class VI: Role Play<br>Class VII: Speach, Writing Poetry. | English Teacher | | |

# യു. പി. വിഭാഗം

## ഹിന്ദി

ഐ.സി.ടി ഉപയോഗത്തിനുള്ള പരിമിതികൾ, രക്ഷിതാക്കൾ നൽകുന്ന പഠന പിന്തുണയിലുള്ള കുറവ്, ഹിന്ദി തുടർച്ചയായി കേൾക്കുന്നതിനും ഉപയോഗിക്കുന്നതിനുമുള്ള അവസരക്കുറവ് എന്നിവയാണ് പരിഹരിക്കേണ്ട പ്രശ്നങ്ങൾ.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ചുമതല | സാമ്പത്തികം | കാലദൈർഘ്യം |
|---|---|---|---|---|
| വിദ്യാർത്ഥികളിൽ ഹിന്ദി ഭാഷയിലെ അടിസ്ഥാനശേഷി പരിശോധിക്കൽ | വായനാ കാർഡുകൾ നൽകുക<br>ഹിന്ദി വാർത്ത വായന<br>വായന കാർഡ് നിർമ്മാണം | ഹിന്ദി ടീച്ചർ | 500 | 1 മാസം |
| ഹിന്ദി അന്തരീക്ഷം സൃഷ്ടിക്കുക | ഹിന്ദി വാരാചരണത്തിന്റെ ഭാഗമായി വിവിധ പരിപാടികൾ സംഘടിപ്പിക്കുക.<br>ലൈബ്രറിയിൽ ഹിന്ദി പുസ്തകങ്ങൾ ഉൾപ്പെടുത്തുക.<br>ക്ലാസ്റൂം പ്രവർത്തനങ്ങളിൽ മാധ്യമമായി ഹിന്ദി ഭാഷ മാത്രം ഉപയോഗിക്കുക. | ഹിന്ദി ടീച്ചർ<br>ആർട്ട് ടീച്ചർ | | 1 വർഷം |
| വിദ്യാർത്ഥികൾക്ക് ഭാഷ ഉപയോഗിക്കാനുള്ള ആത്മവിശ്വാസം വർദ്ധിപ്പിക്കുക. | ഇ.ക്യൂബ് ഹിന്ദി ഫലപ്രദമായി ഉപയോഗിക്കുക.<br>കൈറ്റ് വിക്ടേഴ്സ് ക്ലാസ്സുകൾ പ്രയോജനപ്പെടുത്തുക.<br>പാഠഭാഗങ്ങളുടെ ദൃശ്യവത്ക്കരണം നടത്തി വീഡിയോ റെക്കോർഡ് ചെയ്ത് കാണിക്കുക. | ഹിന്ദി ടീച്ചർ | | 1 വർഷം |
| എല്ലാ വിദ്യാർത്ഥികളും ഭാഷാശേഷികൾ കൈവരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക. | ദിനാചരണങ്ങളുമായി ബന്ധപ്പെടുത്തിയുള്ള പ്രവർത്തനങ്ങൾ ഹിന്ദിയിൽ നടത്തുക.<br>ഗ്രൂപ്പ് പ്രവർത്തനങ്ങൾ സജീവമാക്കുന്നു.<br>പിന്തുണ ആവശ്യമുള്ള വിദ്യാർത്ഥികൾക്ക് അധികസമയം നൽകി അവരെ പ്രോത്സാഹിപ്പിക്കുക.<br>എഡിറ്റിംഗ് പ്രവർത്തനങ്ങൾ ക്ലാസ്റൂമിൽ നടത്തി കുട്ടികൾക്ക് ഭാഷാ പ്രയോഗം സുഗമമാക്കുക. | ഹിന്ദി ടീച്ചർ<br>എസ്.ആർ.ജി | 1000 | 1 വർഷം |

# ആരോഗ്യ കായിക വിദ്യാഭ്യാസം

ഒരു വ്യക്തിയുടെ വികസന പ്രക്രിയയിൽ ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് അതുല്യ സ്ഥാനമാണ് ഉള്ളത്. കുട്ടിയുടെ മാനസികവും സാമൂഹികവും വൈകാരികവുമായ വികസനത്തിന് കായിക വിദ്യാഭ്യാസവും യോഗചര്യകളും ചെയ്യുന്നതിന് പാഠ്യപദ്ധതി അവസരമൊരുക്കുന്നു. കായിക പ്രവർത്തനങ്ങളോടുള്ള വിമുഖത യാണ് ഇന്നുള്ള പല ജീവിതശൈലീ രോഗങ്ങൾക്കും കാരണം.

പ്രശ്നങ്ങൾ

കായിക വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം വിദ്യാർത്ഥികളും രക്ഷിതാക്കളും തിരിച്ചറിഞ്ഞിട്ടില്ല. പാഠ്യപദ്ധതി നിർദ്ദേശിക്കുന്ന കായിക വിദ്യാഭ്യാസ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് ആവശ്യമായ സൗകര്യമില്ല. കുട്ടികളുടെ പോഷകാഹാരക്കുറവ് കളിസ്ഥലങ്ങളുടെ അഭാവവും ഒരു പ്രധാന പ്രശ്നമാണ്.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ചുമതല | സാമ്പത്തികം | കാലദൈർഘ്യം |
|---|---|---|---|---|
| കായിക വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം മനസ്സിലാക്കുന്നതിന്<br><br>പോഷകാഹാരത്തിന്റെ പ്രാധാന്യം മനസ്സിലാക്കുന്നതിന് | രക്ഷിതാക്കൾക്കും കുട്ടികൾക്കുമുള്ള ബോധവൽക്കരണക്ലാസ്സ്<br><br>രക്ഷിതാക്കൾക്കും കുട്ടികൾക്കുമുള്ള ബോധവൽക്കരണക്ലാസ്സ് | കായിക സമിതി | | ജൂൺ (ഹ്രസ്വം) |
| പാഠപദ്ധതി നിർദ്ദേശിക്കുന്ന കായിക വിദ്യാഭ്യാസ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് സൗകര്യമൊരുക്കുന്നതിന് | കായികപരിശീലനം<br>കായിക സെമിനാർ | കായിക പ്രതിഭകൾ | 5000 | |
| ഭൗതിക ചുറ്റുപാടുകളുടെ വികസനം | കളിസ്ഥല നിർമാണം<br>പി.ടി.എ, എൽ.എസ്.ജി പൂർവ്വ വിദ്യാർത്ഥികൾ ഇവരുടെ സഹായത്തോടെ സമീപ പ്രദേശത്ത് സ്ഥലം ലഭ്യമാക്കി കളിസ്ഥലം നിർമ്മിക്കുക.<br><br>കായിക ഉപകരണങ്ങൾ ലഭ്യമാക്കൽ | പി.ടി.എ, എൽ. എസ്.ജി, പൂർവ്വ വിദ്യാർത്ഥികൾ | | ദീർഘകാല പ്രൊജക്ട് |
| കുട്ടികൾക്ക് പ്രചോദനം നൽകൽ<br><br>കായിക പരിശീലനത്തിന്റെ വിപുലനം | കായിക രംഗത്തു പ്രതിഭ തെളിയിച്ച പൂർവ്വ വിദ്യാർത്ഥികളെ ആദരിക്കൽ<br><br>സമീപ പ്രദേശത്തുള്ള കായികപ്രതിഭകളുടെ സേവനം ലഭ്യമാക്കൽ | അധ്യാപകർ<br>പി.ടി.എ | | ഹ്രസ്വകാലം<br><br>തുടർച്ചയായ പ്രവർത്തനം |

## മറ്റു പ്രവർത്തനങ്ങൾ

## കലാസാംസ്കാരികം

ഡയറ്റിന്റെയും ബി.ആർ.സി.യുടേയും ആഭിമുഖ്യത്തിൽ കലാധ്യാപകന്റെ സേവനം ലഭ്യമാക്കണം. പ്രാദേശിക കലാകാരൻമാരുടെ സേവനം ഉപയോഗപ്പെടുത്തണം. ടാലന്റ് ബാങ്ക് പ്രവർത്തനം ഊർജ്ജിതമാക്കണം.

## പൊതുവായ കാര്യങ്ങൾ

1. ചിത്രച്ചുമർ (ഒരു ക്ലാസ്സൽ ഒരു വിഷയവുമായി ബന്ധപ്പെട്ട ചിത്രങ്ങൾ എന്ന നിലയിൽ), ജൈവവൈവിധ്യോദ്യാനം, ശാസ്ത്ര ഗണിത ലാബുകളുടെ വികസനം, ലൈബ്രറി വികസനം (ഇവ പി.ടി.എ, വിദ്യാലയ വികസന സമിതി, പൂർവ്വ വിദ്യാർത്ഥി സംഘടന, ബി.ആർ.സി, തദ്ദേശ സ്വയം ഭരണ സ്ഥാപനം എന്നിവയുടെ സഹായത്തോടെ നടപ്പാക്കും.

2. പോലീസ് സ്റ്റേഷൻ, റെയിൽവെ, സ്റ്റേഷൻ, പോസ്റ്റ് ഓഫീസ്, വില്ലേജ് ഓഫീസ്, പഞ്ചായത്ത് ഓഫീസ്, കൃഷിഭവൻ, ബാങ്ക് തുടങ്ങിയ സ്ഥാപനങ്ങളിലേക്കുളഅള ഫീൽഡ് ട്രിപ്പുകൾ

3. സ്കൂളിന് ഉപയോഗപ്പെടുന്ന രൂപത്തിൽ പുളിക്കൂൽ കടവ് റോഡ് ടാർ ചെയ്ത് സ്കൂളിന് സമീപം വരെ എത്തിക്കാൻ ബന്ധപ്പെട്ട അധികാരികൾക്ക് നിവേദനം നല്കും.

4. കോരപ്പുഴ മലിനീകരണവുമായി ബന്ധപ്പെട്ട കാര്യത്തിൽ പരിസ്ഥിതി സൗഹൃദ ബോധവൽക്കരണത്തിന് നാട്ടുകാരുടെ സഹായത്തോടെ പരിപാടി സംഘടിപ്പിക്കും.

5. യു.പി. ക്ലാസ്സുകളിലെ വിദ്യാർത്ഥികളെ ഉപയോഗപ്പെടുത്തി എൽ.പി. വിദ്യാർത്ഥികൾക്ക് മോണിററിംഗ് രീതിയിൽ പഠന സഹായം നൽകും.

6. റെയിൽവെ ക്രോസിംഗ് - ഫൂട്ട്ഓവർ ബ്രിഡ്ജ് ന് വേണ്ടി ശ്രമിക്കും.

7. സ്കൂളിന് മുൻപിൽ Sign Board, Zebraline നിർമ്മാണത്തിന് അധികാരികൾക്ക് കത്ത് നൽകും.

## ഉപസംഹാരം

സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസത്തിലൂന്നിക്കൊണ്ട്, ഓരോ കുട്ടിയും ഓരോ യൂണിറ്റാണെന്ന തിരിച്ചറിവിൽ ആസൂത്രണം നടത്തുമ്പോഴാണ് ഓരോ വിദ്യാലയവും അക്കാദമിക മികവ് കൈവരിക്കുന്നത്.

മികവിന്റെ നിറവുകൾ തേടിയുള്ള യാത്രയിൽ പൊതുസമൂഹം നമുക്കൊപ്പമുണ്ടെന്ന ഉറച്ച വിശ്വാസത്തോടെ ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

# വാർഷിക കലണ്ടർ

| മാസം | പ്രവർത്തനങ്ങൾ |
| --- | --- |
| ജൂൺ | പ്രീ- ടെസ്റ്റ്, പരിഹാര ബോധനം, പരിസ്ഥിതി ദിനാചരണം, വായനാവാരം, യോഗദിനം, ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ |
| ജൂലായ് | ശുചിച്വബോധവൽക്കരണക്ലാസ്, ശാസ്ത്രക്വിസ്,, ചാന്ദ്രദിനം, ഭാഷാ ശില്പശാല, സ്കൂൾ ഇലക്ഷൻ, ക്ലാസ് ലാബ്, മലയാളത്തിളക്കം |
| ആഗസ്ത് | ഹിരോഷിമ- നാഗസാക്കി ദിനാചരണം, യുദ്ധവിരുദ്ധ പ്രവർത്തനങ്ങൾ, സ്വാതന്ത്ര്യ ദിനാഘോഷം, ഇംഗ്ലീഷ് ശില്പശാല, സാംസ്കാരിക ഗാലറി, മാഗസിൻ നിർമ്മാണം, |
| സപ്തംബർ | ഹിന്ദി വാരാചരണം, ഗണിത നിർമ്മാണ ശില്പശാല,, ഫീൽഡ് ട്രിപ്പുകൾ, ഓണാഘോഷം |
| ഒക്ടോബർ | ശുചിത്വവാരം, കൃഷിത്തോട്ട നിർമ്മാണം |
| നവംബർ | ശിശുദിനം, മാഗസിൻ നിർമ്മാണം, വാന നിരീക്ഷണം |
| ഡിസംബർ | മനുഷ്യാവകാശ ദിനാചരണം |
| ജനവരി | ഭവന സന്ദർശനം, പഠനയാത്ര |
| ഫിബ്രവരി | ശാസ്ത്ര ശില്പശാല - പ്രദർശനം, ഫെസ്റ്റുകൾ |
| മാർച്ച് | വനിതാ ദിനാചരണം, പഠനോത്സവം, വാർഷികം |

# അനുബന്ധം

## സ്കൂൾ പി.ടി.എ ഭരണസമിതി

| | |
|---|---|
| മുനീർ.എൻ.കെ | പി.ടി.എ പ്രസിഡണ്ട് |
| മുസ്തഫ | വൈസ് പ്രസിഡണ്ട് |
| നൗഷാദ് | എസ്.എം.സി. ചെയർമാൻ |
| രഹീഷ് | വൈസ് ചെയർമാൻ |
| ശ്രീമതി സമീഹ | എം.പി.ടി.എ പ്രസിഡണ്ട് |
| ശ്രീമതി നൗഷില | വൈസ് പ്രസിഡണ്ട് |

## സ്കൂൾ സ്റ്റാഫ് 2025 – 2026

| | |
|---|---|
| മിനി.എൻ.വി | പ്രധാനാധ്യാപിക |
| അപർണ.പി.കെ | എൽ.പി.എസ്.ടി |
| ഷീന.എം.ടി | എൽ.പി.എസ്.ടി |
| ലയ.പി.കെ | എൽ.പി.എസ്.ടി |
| ഷാജി.എം.കെ | യു.പി.എസ്.ടി |
| ധന്യ.കെ.സി | യു.പി.എസ്.ടി |
| അഞ്ജലി.പി | എൽ.പി.എസ്.ടി |
| സയന.എൻ.കെ | ജൂനിയർ ഹിന്ദി ടീച്ചർ |
| ജുനൈദ് | ജൂനിയർ അറബിക് ടീച്ചർ എൽ.പി |

## നഴ്സറി

| | |
|---|---|
| സിമി | ടീച്ചർ |
| ബീന | ആയ |
| ആശ | ഉച്ചഭക്ഷണം - പാചകം |